കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പിണറായി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1474/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി : 11.10.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

പിണറായി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: പിണറായി ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

-------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പിണറായി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഏയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ-മെയിൽ വഴി)

3) കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1474/2019 തീയ്യതി: 11.10.2019

# <u>കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിൽമേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 4-9-2018 മുതൽ 17-8-19 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ. എം .പി ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 19-8-2019 മുതൽ 31-8-2019വരെ | ശ്രീ. ബാബുരാജ്.എം | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ. ഷഹീൻ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വിജോഷ് പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ശ്രീജ. കെ. | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഗീതമ്മ. പി കെ | 1-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ.കെ വി പത്മനാഭൻ | 1-4-2018 മുതൽ 31-3-2019 വരെ |

സി. <u>നിർവ്വഹണ ഉദ്യോഗസ്ഥൻ</u>

| തസ്തിക | നിർവ്വഹണ ഉദ്യോഗസ്ഥൻ | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ. ഷൈന വത്സൻ | 1-4-18 മുതൽ 31-3-2019വരെ |
| കൃഷി ഓഫീസർ | ശ്രീ. എൽദോസ് എബ്രഹാം | 1-4-2018മുതൽ 30-10-2018വരെ |
| | ശ്രീ.ഷിഹാബ് ബാബു | 31-10-2018 മുതൽ 19-2-2019 വരെ |
| | ശ്രീമതി.ലീന എം കെ | 20-2-2019 മുതൽ 31-3-2019 വരെ |
| വി.ഇ.ഒ. പിണറായി | ശ്രീമതി. മെറീന ജോസ്ല ഗോൺസാൽവസ് | 1-4-2018മുതൽ 6-1-19 വരെ |
| | ശ്രീമതി രസില (ഇൻ ചാർജ്) | 7-1-19മുതൽ 12-1-19 വരെ |

| | | |
|---|---|---|
| | ശ്രീമതി. മെറീന ജോസ്സ ഗോൺസാൽവസ് | 13-1-19മുതൽ 31-3-19വരെ |
| വി.ഇ.ഒ. എരുവട്ടി | ശ്രീമതി രസില | 1-4-2018 മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.റീന കുമാരി എ കെ | 1-4-18 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ. ഷിന വി പി | 1-4-18 മുതൽ 31-3-2019വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. സബിന കെ | 1-4-2018മുതൽ 18-7-2018വരെ |
| | ഡോ. ഡിജോ ജോസ് | 19-7-2018മുതൽ 31-3-2019വരെ |
| വെറ്റിനറി സർജൻ | ഡോ. ശ്രീധർ രാജൻ | 1-4-2018 മുതൽ 31-3-2019വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. നീന പി കെ | 1-4-2018മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സി എം പ്രേമൻ | 1-4-2018മുതൽ 31-3-2019വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| | | |

| | | |
|---|---|---|
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല | 1-12 |
| 13 | മാലിന്യസംസ്കരണം - മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ പ്രവർത്തനക്ഷമമായില്ല | 1-13 |
| 14 | അഗതിരഹിത കേരളം പദ്ധതി ത്വരിതപ്പെടുത്തേണ്ടതാണ് | 1-14 |
| 15 | വി.ഇ.ഒ ഓഫീസിലേക്ക് വാങ്ങിയ പ്രിന്റർ ഇൻസ്റ്റാൾ ചെയ്തിട്ടില്ല | 1-15 |
| 16 | വയോജനങ്ങൾക്ക് യോഗ പരിശീലനം - പ്രോജക്ട് ആസൂത്രണത്തിൽ വീഴ്ച | 1-16 |
| 17 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, യു.പി.എസ് എന്നിവ ലഭിച്ചിട്ടില്ല. | 1-17 |
| 18 | പി.എച്ച്.സി. , സി.എച്ച്.സി എന്നിവയ്ക്ക് പ്രത്യേകം ബിൽബുക്ക്, കാഷ്ബുക്ക് സബ്സിഡിയറി രജിസ്റ്റർ ഇവ സൂക്ഷിച്ചിട്ടില്ല | 1-18 |
| 19 | കശുമാവ് തൈകൾ പൂർണമായും വിതരണം ചെയ്തിട്ടില്ല | 1-19 |
| 20 | പച്ചക്കറി തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-20 |
| 21 | വാഴക്കന്ന് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-21 |
| 22 | ഓഡിറ്റ് കണ്ടെത്തലുകളെ തുടർന്ന് തിരിച്ചടച്ച തുകകളുടെ വിവരങ്ങൾ | 1-22 |
| 23 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ പൊതുവായ അപാകങ്ങൾ | 1-23 |
| 24 | പൊതുമരാമത്ത് പ്രവൃത്തി പൊതു അപാകങ്ങൾ | 1-24 |
| 25 | പൊതുജനങ്ങൾക്ക് സഹായമായി ഹെൽപ് ഡെസ്ക് - പ്രവർത്തനം മാതൃകാപരം | 1-25 |
| | | |

| | | |
|---|---|---|
| 26 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-26 |
| 27 | അംഗൻവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-27 |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 31 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 37 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 38 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 39 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 40 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

28.03.2018 തീയതിയിലെ 130/2018 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26.02.2019 തീയതിയിലെ 80/2019 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത | പരിഹരിക്കാൻ |
|---|---|---|---|

| | | |
|---|---|---|
| തീയതി | തീയതി | തിരിച്ചയച്ച തീയതി |
| 31.07.2019 | 2.05.2019 | തിരിച്ചയച്ചിട്ടില്ല |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3215314.95 |
| വരവ് | 80409014 |
| ആകെ | 83624328.95 |
| ചെലവ് | 65220586 |
| നീക്കിയിരിപ്പ് | 18403742.95 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ - ACR പ്രകാരം | | 16960419 | 16960419 | 15282554 | 1677865 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 1430000 | 1430000 | 1231275 | 198725 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 162000 | 162000 | 162000 | -- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 7280000 | 7280000 | 7280000 | -- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3912000 | 3912000 | 2716316 | 1195684 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 7880000 | 7880000 | 7568724 | 311276 |
| സാക്ഷരത | 10366 | 140618 | 150984 | 139786 | 11198 |
| ദുരിതാശ്വാസനിധി | 51845 | 18276 | 70121 | 14000 | 56121 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 19879000 | 19879000 | 19879000 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 997 | 413527 | 414524 | 412048 | 2476 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ) | | | | | | |
| ഐ.സി.ഡി.എസ് | | 1576408 | 1042175 | 2618583 | 1643796 | 974787 |
| എം.പി.(എൽ.എ.ഡി) | | 9289 | - | 9289 | - | 9289 |
| ടി.എസ്.സി. | | 162836 | 61892 | 224728 | | 224728 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 88850 | 1848689 | 1937539 | 1813689 | 123850 |
| | ജില്ലാ പഞ്ചായത്ത് | 88850 | 815280 | 904130 | 776280 | 127850 |
| ബി ഫണ്ട് | | | 64000 | 64000 | 64000 | -- |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5928429.95 | 11416718 | 17345147.95 | 8089623 | 9255524.95 |

ജനറൽ പർപസ് ഗ്രാന്റ് നിക്ഷേപിച്ചിട്ടുള്ള ട്രഷറി അക്കൗണ്ടിൽ നിന്നും വിവിധ ഇടപാടുകൾ ഉള്ളതിനാൽ ജനറൽ പർപസ് ഗ്രാന്റിന്റേത് മാത്രമായ വിനിയോഗവിവരം ലഭ്യമല്ലാത്തതിനാൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | 71146951 | 170 | 49233555 | 10 | 11 | 89 |

ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകൾ സമയബന്ധിതമായും വോട്ടർമാരുടെ മെച്ചപ്പെട്ട പങ്കാളിത്തത്തോടെയുമാണ് ചേർന്നു വരുന്നത്. 22% വരെ വോട്ടർമാർ പങ്കെടുത്ത ഗ്രാമസഭകൾ 2018-19 വർഷത്തിൽ നടന്നിട്ടുണ്ട്. പദ്ധതിപ്രവർത്തനങ്ങളിലെ ജനകീയപങ്കാളിത്തം ശ്രദ്ധേയമാണ്.

പദ്ധതി രൂപീകരണം 13ാം പദ്ധതിയുടെ പൊതുലക്ഷ്യങ്ങളുമായും സർക്കാർ പ്രഖ്യാപിച്ച മിഷനുകളുമായും പദ്ധതി രേഖയിലും സ്റ്റാറ്റസ് റിപ്പോർട്ടിലും ഗ്രാമപഞ്ചായത്ത് കണ്ടെത്തിയ വികസന പ്രശ്നങ്ങളുമായും പൊതുവിൽ പൊരുത്തപ്പെടുന്നതാണ്.

വർക്കിങ്ങ് ഗ്രൂപ്പുകൾ യോഗം ചേരുകയും അതത് വിഷയമേഖലകളിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വർക്കിങ്ങ് ഗ്രൂപ്പുകൾ പദ്ധതിപ്രവർത്തനങ്ങളുടെ പുരോഗതി ഇടക്കാലത്ത് വിലയിരുത്തുകയോ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തിയതായോ കാണുന്നില്ല.വർക്കിങ്ങ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിങ്ങ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കേണ്ടതാണ്. ദാരിദ്ര്യലഘൂകരണം വർക്കിങ്ങ് ഗ്രൂപ്പിന്റെ മിനുറ്റ്സിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 997 | 413527 | 414524 | 412048 | 2476 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 19879000 | 19879000 | 19879000 | |
| | 997 | 20292527 | 20293524 | 20291048 | 2476 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 63720 | 51 |
| കർഷകതൊഴിലാളി പെൻഷൻ | 8068400 | 616 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 13713800 | 1147 |
| വാർദ്ധക്യകാല പെൻഷൻ | 33301000 | 2822 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 4681400 | 369 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 4468600 | 376 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 16 |

# 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.08.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18043/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമാണ്. ജീവനക്കാർക്കിടയിൽ ജോലികൾ കാര്യക്ഷമമായി വിഭജിച്ചു നൽകിയിട്ടുണ്ട്. ജോലികളുടെ നിർവഹണത്തിലെ പുരോഗതി വിലയിരുത്തുകയും നിശ്ചിത ഇടവേളകളിൽ ജോലി വിഭജനത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി വരുന്നതായും കാണുന്നു.

ജോലി പുരോഗതി ചർച്ച ചെയ്ത് വിലയിരുത്തുന്നതിനായി സ്റ്റാഫ് മീറ്റിങ്ങുകൾ 2018-19 വർഷത്തിൽ പ്രതിമാസം ചേർന്നിട്ടുണ്ട്. റവന്യൂ പിരിവ്, ഫണ്ട് വിനിയോഗം,പദ്ധതി പ്രവർത്തനം എന്നിവയിലെ പുരോഗതി, സേവന പ്രദാനത്തിലെ പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്ത് പുരോഗതി വിലയിരുത്തിയിട്ടുണ്ട്. .പൊതു ജനങ്ങൾക്കുള്ള സേവനങ്ങൾ നിശ്ചിത സമയ പരിധിക്കകം ലഭ്യമാക്കി വരുന്നതായി പൊതുവായ പരിശോധനയിൽ ബോധ്യപ്പെടുന്നുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|

| | | | |
|---|---|---|---|
| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 24/7/2019 | 1/6/2019 മുതൽ 30/6/2019 വരെ | 24/7/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/06/2013 മുതൽ22/06/2013 വരെ | 2008-09 മുതൽ 2012-13 വരെ | 20/08/2013 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1)മറ്റ് നിർവ്വഹണാധികാരികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന നിയമപരമായ നികുതികൾ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.

2)സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല

# 1-12 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല

2011-12മുതൽ 2014-15 വരെയുള്ള കാലയളവിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കാലയളവിൽ 20 കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ നികുതി നിർണയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 9 തീയതി 27-8-19) ലഭ്യമാക്കിയ മറുപടിയിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ലെന്നും നാളിതുവരെയായും കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടില്ലാത്തതിനാൽ കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾ പൂർത്തിയായിട്ടുണ്ടോ എന്നും, അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്നും ഉപ്പുവരുത്തുന്നതിന് യാതൊരു നടപടിയും പഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-13 മാലിന്യസംസ്കരണം - മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ പ്രവർത്തനക്ഷമമായില്ല

പ്രോജക്ടിന്റെ പേര് : എസ്124/19 ഹരിതകർമ്മ സേനയ്ക്ക് യൂണിഫോം അനുബന്ധ സാധനങ്ങൾ

അടങ്കൽ : 2,50,000/-

ചെലവ് : 1,45,310/-

ബിൽ നം. : 8/18-19/26.10.2018 : 15,278/- (വികസന ഫണ്ട്)

12/18-19/31.12.2018 : 24,000/- (വികസന ഫണ്ട്)

15/18-19/14.02.2019 : 92,000/- (വികസന ഫണ്ട്)

ചെക്ക് നം.1386897/14.01.2019 : 7,920/- (തനത് ഫണ്ട്)

ചെക്ക് നം.6461061/30.03.2019 : 6,112/- ( ,, )

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ. (പിണറായി സർക്കിൾ)

2018 ആഗസ്റ്റ് മാസം മുതൽ ഗ്രാമപഞ്ചായത്തിൽ 24 അംഗ ഹരിതകർമ്മ സേന രൂപീകരിച്ച് മാലിന്യശേഖരണം ആരംഭിച്ചുവെങ്കിലും പഞ്ചായത്തിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിന്റെ (എം.സി.എഫ്. ) നിർമ്മാണം പൂർത്തിയാകാത്തതിനാൽ 2019 മാർച്ച് മാസത്തിനു ശേഷം മാലിന്യ ശേഖരണം നടത്തുന്നില്ല. ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള താൽക്കാലിക സംവിധാനം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 3.9 ലക്ഷം രൂപ ചെലവഴിച്ച് എം.സി.എഫിലേക്ക് ആവശ്യമായ പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീൻ, ബെയിലിംഗ് മെഷീൻ എന്നിവ 2019 മാർച്ച് മാസത്തിൽ തന്നെ വാങ്ങിയെങ്കിലും വൈദ്യുതീകരണം പൂർത്തിയാകാത്തതിനാൽ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടില്ല. ഇതിനായുള്ള സാങ്കേതികാനുമതിക്കുള്ള പ്രൊപ്പോസൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമായിട്ടില്ല എന്നുമാണ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. എം.സി.എഫ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-14 അഗതിരഹിത കേരളം പദ്ധതി ത്വരിതപ്പെടുത്തേണ്ടതാണ്

പിണറായി ഗ്രാമപഞ്ചായത്തിൽ അഗതി രഹിത കേരളം (ആശ്രയ) പദ്ധതിയുമായി

ബന്ധപ്പെട്ട് ആസൂത്രണം ചെയ്ത പ്രോജക്റ്റുകൾ സമയബന്ധിതമായി നടപ്പാക്കുന്ന കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു. ഇതു സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രോജക്റ്റിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 115/19 കുടിവെള്ള കണക്ഷൻ | 40,000 | 5,000 |
| 2 | 118/19 കിണർ നിർമ്മാണം | 90,000 | 0 |
| 3 | 120/19 വയറിംഗ് | 10,000 | 0 |
| 4 | 123/19 വീട് നിർമ്മാണം | 4,00,000 | 0 |
| | ആകെ | 5,40,000 | 5,000 |

ഗ്രാമപഞ്ചായത്തിലെ ഏറ്റവും കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്ന വിഭാഗങ്ങൾക്കായി ആവിഷ്കരിച്ച മേൽ പ്രോജക്റ്റുകൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-15 വി.ഇ.ഒ ഓഫീസിലേക്ക് വാങ്ങിയ പ്രിന്ററർ ഇൻസ്റ്റാൾ ചെയ്തിട്ടില്ല

പ്രോജക്റ്റിന്റെ പേര് : എസ്130/19 വി.ഇ.ഒ. ഓഫീസിന് കമ്പ്യൂട്ടർ അനുബന്ധ സൗകര്യങ്ങൾ

ഒരുക്കൽ

ചെലവ് : 99,183/-

ബിൽ നം. : 13/18-19/31.12.2018 -

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ. (പിണറായി സർക്കിൾ)

മേൽ പ്രോജക്റ്റിന്റെ ഭാഗമായി കെൽട്രോണിൽ നിന്നും ലഭ്യമാക്കിയ പ്രിന്റർ വി.ഇ.ഒ ഓഫീസിൽ ഇതുവരെയായി ഇൻസ്റ്റാൾ ചെയ്തിട്ടില്ല. പ്രിന്റർ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വയോജനങ്ങൾക്ക് യോഗ പരിശീലനം - പ്രോജക്ട് ആസൂത്രണത്തിൽ വീഴ്ച

പ്രോജക്റ്റിന്റെ പേര് : എസ്129/19 വയോജനങ്ങൾക്ക് യോഗ പരിശീലനം

ചെലവ് : 18,000/-

ബിൽ നം./തീയ്യതി : 79/18-19/16.03.2019

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവേദം)

ഗ്രാമപഞ്ചായത്തിലെ 300 വയോജനങ്ങൾക്ക് യോഗ പരിശീലനം നൽകുന്നതിനാണ് 2,16,000/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ നിർവഹണവേളയിൽ ആവശ്യത്തിന് ഗുണഭോക്താക്കളെ ലഭിച്ചില്ല. ആകെ 25 പേർ മാത്രമാണ് പ്രോജക്ടിന്റെ ഗുണഭോക്താക്കളായത്. പദ്ധതി ആസൂത്രണ ഘട്ടത്തിലെ ഇത്തരം പാളിച്ചകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 1-17 അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, യു.പി.എസ് എന്നിവ ലഭിച്ചിട്ടില്ല.

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട നമ്പർ പേര് - 212/2019അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ ലാപ്പ്ടോപ്പ്, യു.പി.എസ്. വാങ്ങൽ

അടങ്കൽ -100000( 99436 മെയിന്റനൻസ് ഫണ്ട് റോഡിതരം, 564 തനത്ഫണ്ട്)

ചെലവ് - ബിൽ നമ്പർ 37/19-03-2019 തുക 99300/-

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, ലാപ്പ്ടോപ്പ്, യു.പി.എസ്. എന്നിവ വാങ്ങുന്നതിനായി സെൻട്രലൈസ്ഡ് പ്രൊക്യൂയർമെന്റ് ആന്റ് റേറ്റ് കോൺട്രാക്ട് സിസ്റ്റം പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി. മിഷന് (കേരള സ്റ്റേറ്റ് ഇലക്ട്രോണിക്ക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്) 99300/- രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ 49149 രൂപയുടെ ലാപ്പ്ടോപ്പ് മാത്രമാണ് ലഭിച്ചത്. കമ്പ്യൂട്ടർ 46586 രൂപ, യു.പി.എസ്. 3565 രൂപ എന്നിവ ലഭിച്ചിട്ടില്ല. ഉപകരണങ്ങൾ ലഭിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-18 പി.എച്ച്.സി., സി.എച്ച്.സി എന്നിവയ്ക്ക് പ്രത്യേകം ബിൽബുക്ക്, കാഷ്ബുക്ക് സബ്സിഡിയറി രജിസ്റ്റർ ഇവ സൂക്ഷിച്ചിട്ടില്ല

പിണറായി പ്രാഥമികാരോഗ്യകേന്ദ്രം, സാമൂഹികാരോഗ്യകേന്ദ്രം എന്നിവ ഒരേ മെഡിക്കൽ ഓഫീസറുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. സാമൂഹികാരോഗ്യകേന്ദ്രം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ സ്ഥാപനമാണ്. എന്നാൽ 2018-19 സാമ്പത്തികവർഷത്തിൽ ട്രഷറി ഇടപാടുകൾ ഒരേ ബിൽബുക്കിലൂടെയാണ് നടത്തിയിരിക്കുന്നത്. മാത്രമല്ല, പ്രത്യേകം കാഷ്ബുക്ക്, സബ്സിഡിയറി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുമില്ല. 2019-20 സാമ്പത്തിക വർഷം മുതൽ മേൽ അപാകം പരിഹരിച്ചതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

# 1-19 കശുമാവ് തൈകൾ പൂർണമായും വിതരണം ചെയ്തിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ /പേര് – 116/2019 കശുമാവ് കൃഷി തൈ വിതരണം

അടങ്കൽ - 40000 (വികസന ഫണ്ട് 30000, ഗുണഭോക്തൃവിഹിതം 10000 )

ബിൽ നമ്പർ- 15/01-11-2018 ₹ 1360

ബിൽ നമ്പർ- 07/31-10-2018 ₹ 28640

പ്രോജക്ട് പ്രകാരം 358 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 716 കശുമാവിൻ തൈകൾ (40 രൂപ പ്രകാരം 28640 രൂപ) ഡിസ്ട്രിക്ക് അഗ്രികൾച്ചറൽ ഫാം തളിപറമ്പിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഇതിൽ 202 പേർക്ക് 404 തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്. 156x2x40 =12480/- രൂപയുടെ തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/29-08-2019) തൈകൾ പൂർണ്ണമായും വിതരണം ചെയ്തെന്നും 156 ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ ലഭിക്കാനുണ്ടെന്നും അറിയിക്കുകയുണ്ടായി. തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

സ.ഉ.( കൈ) നം 22/2018/ത.സ്വ.ഭ.വ. തീയതി 14-02-2018 മാർഗ്ഗരേഖ 6-1-17 പ്രകാരം കാഷ്യൂ കോർപ്പറേഷനിൽ നിന്ന് സൗജന്യമായി തൈകൾ ലഭിക്കുന്നില്ലെങ്കിൽ മാത്രമാണ് വികസന ഫണ്ട് വിനിയോഗിച്ച് തൈകൾ വാങ്ങാവുന്നത്. കാഷ്യൂ കോർപ്പറേഷനിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതെ വികസനഫണ്ട് വിനിയോഗിച്ചത് ശരിയല്ല. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

# 1-20 പച്ചക്കറി തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ/പേര് – 110/2019 പച്ചക്കറിവികസനം

അടങ്കൽ - 575000(വികസന ഫണ്ട് 490000, ബ്ലോക്ക് വിഹിതം 85000)

ബിൽ നമ്പർ- 32/21-02-2019 ₹ 1000

ബിൽ നമ്പർ- 13/01-11-2018 ₹ 200000

ബിൽ നമ്പർ- 03/29-09-2018 ₹ 80000

ബിൽ നമ്പർ- 05/30-10-2018 ₹ 120000

ബിൽ നമ്പർ- 07/31-10-2018 ₹ 4000

ബിൽ നമ്പർ- 27/04-02-2019 ₹ 85000

ചെക്ക് നമ്പർ 728300/26-3-2019 ₹ 85000

1- പ്രോജക്ട് പ്രകാരം 2 പച്ചക്കറി ക്ലസ്റ്ററുകൾക്ക് കൂലിചെലവ് (17000/ഹെക്ടർ) എന്ന നിരക്കിൽ 10ഹെക്ടറിന് 1,70000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിന് 400000 രൂപയും കടത്ത് കൂലിയിനത്തിൽ 5000 രൂപയും ചെലവഴിച്ചിട്ടുണ്ട്. തൈകൾ വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | വാങ്ങിയത് | നിരക്ക് | തുക | വിതരണം ചെയ്തത് | തുക | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | മുരിങ്ങ | 5000 | 14 | 70000 | 724 | 10136 | 59864 |
| 2 | കറിവേപ്പ് | 5000 | 14 | 70000 | 724 | 10136 | 59864 |
| 3 | കോവൽ | 5000 | 13 | 65000 | 724 | 9412 | 55588 |
| 4 | തക്കാളി | 25000 | 2.6 | 65000 | 3620 | 9412 | 55588 |
| 5 | വഴുതിന | 25000 | 2.6 | 65000 | 3620 | 9412 | 55588 |
| 6 | മുളക് | 25000 | 2.6 | 65000 | 3620 | 9412 | 55588 |
| | ആകെ | 90000 | | 400000 | 13032 | 57920 | 342080 |

90000 പച്ചക്കറി തൈകൾ വാങ്ങിയിട്ടുണ്ടെങ്കിലും 13032 എണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്. 342080 രൂപയുടെ തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/29-08-2019) തൈകൾ പൂർണ്ണമായും വിതരണം ചെയ്തെന്നും ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ ലഭിക്കാനുണ്ടെന്നും അറിയിക്കുകയുണ്ടായി. തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

2- പ്രോജക്ട് നടപ്പിലാക്കിയത് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിതാണ്. വനിതകൾക്കും പുരുഷൻമാർക്കും ഒരു പോലെ ഗുണം ലഭിക്കുന്ന പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. ( സ.ഉ.( കൈ) നം 11/2018/ത.സ്വ.ഭ.വ. തീയതി 29-01-2018 പദ്ധതി മാർഗ രേഖ ഖ. 6-3-(10)(iii)). പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ മുഴുവൻ സ്ത്രീകളല്ല. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികളാണ് വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

## 1-21 വാഴക്കന്ന് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ/പേര് – 209/2019 വാഴക്കന്ന് വിതരണം

അടങ്കൽ - 180000 (വികസന ഫണ്ട് 179600 തനത് ഫണ്ട് 400 )

ബിൽ നമ്പർ- 28/15-03-2019 ₹ 90000

ബിൽ നമ്പർ- 28/15-03-2019 ₹ 89600

ചെക്ക് നമ്പർ 6274613/29-03-2019 ₹ 400

പ്രോജക്ട് പ്രകാരം 10000 വാഴകന്നുകൾ 2000 കുടുംബശ്രീ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടെങ്കിലും കന്നുകൾ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/29-08-2019) തൈകൾ പൂർണ്ണമായും വിതരണം ചെയ്തെന്നും കൈപ്പറ്റിയതിന്റെ രേഖകൾ ലഭിക്കാനുണ്ടെന്നും അറിയിക്കുകയുണ്ടായി. വാഴക്കന്നുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

# 1-22 ഓഡിറ്റ് കണ്ടെത്തലുകളെ തുടർന്ന് തിരിച്ചടച്ച തുകകളുടെ വിവരങ്ങൾ

മരാമത്ത് പ്രവർത്തികളുമായി ബന്ധിപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണങ്ങളുടെ അടിസ്ഥാനത്തിൽ 18,931/- രൂപ (ജി.എസ്.ടി കുറഞ്ഞ നിരക്കിൽ ഈടാക്കിയത്, ടെണ്ടർ കുറവ് എന്നീ ഇനങ്ങളിലായി) കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കിയിട്ടുണ്ട്. തുക ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-23 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ പൊതുവായ അപാകങ്ങൾ

1-കാഷ് ബുക്കിൽ ബിൽ പ്രകാരം മാറുന്ന തുകകൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. തനത് ഫണ്ടിൽ നിന്ന് നല്കുന്ന തുക മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്നതുക എന്നിവ രേഖപ്പെടുത്തുന്നില്ല.

2- കൃഷി വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല. തൻവർഷം വിതരണം ചെയ്ത ഫലവൃക്ഷ തൈകൾ, പച്ചക്കറി തൈകൾ എന്നിവ ഗുണഭോക്താക്കൾക്ക് ലഭിച്ചുവെന്ന് ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ പ്രയോജനം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, കൃഷി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

# 1-24 പൊതുമരാമത്ത് പ്രവൃത്തി പൊതു അപാകങ്ങൾ

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിച്ച് സമയബന്ധിതമായി സെലക്ഷൻ നോട്ടീസ് നല്കി പ്രവൃത്തി ആരംഭിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. ടെണ്ടർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നല്കണമെന്നും നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കണമെന്നുള്ള നിർദ്ദേശം പാലിക്കുന്നില്ല. 07-2018 ൽ

ടെണ്ടർ നടപടികൾ നടന്ന പ്രവർത്തികളെല്ലാം 09/2019 മാത്രമാണ് എഗ്രിമെന്റ് വെക്കുന്നത്. സെലക്ഷൻ നോട്ടീസിൽ അയക്കുന്ന തീയതി രേഖപ്പെടുത്തുന്നില്ല. കരാറുകാരൻ സെലക്ഷൻ നോട്ടീസ് ലഭിച്ച തീയതിയും രേഖപ്പെടുത്തുന്നില്ല. ഇത് കാരണം സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടായെന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. കാഷ് ബുക്കിൽ ബിൽ പ്രകാരം മാറുന്ന തുകകൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. തനത് ഫണ്ടിൽ നിന്ന് നല്കുന്ന തുക, മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്നതുക എന്നിവ രേഖപ്പെടുത്തുന്നില്ല.
നിർമ്മാണ പ്രവൃത്തിയുടെ വിശദവിവരങ്ങൾ രേഖപ്പടുത്തുന്ന ഡിസ്പ്ളെ ബോർഡുകൾ സ്ഥാപിക്കുന്നില്ല. റോഡ് പ്രവൃത്തികളിൽ ഗ്രാമ പഞ്ചായത്തിനെ ഒറ്റയൂണിറ്റായി കണക്കാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെന്ന മാർഗനിർദ്ദേശത്തിന് വിരുദ്ധമായി വിവിധ വാർഡുകളിൽ ചെറിയ അളവുകളിൽ റോഡ് നിർമാണ പ്രോജക്ടുകൾ തയ്യാറാക്കുന്ന രീതി ഒഴിവാക്കപ്പെടേണ്ടതാണ്. നിർമ്മാണ പ്രവൃത്തിയുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പ് വരുത്തുന്നതിന് ഓരോ പ്രവൃത്തിക്ക് വേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്ന നിർദ്ദേശം പാലിക്കുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ഇത്തരം അപാകങ്ങൾ പരിഹിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-25 പൊതുജനങ്ങൾക്ക് സഹായമായി ഹെൽപ് ഡെസ്ക് - പ്രവർത്തനം മാതൃകാപരം

വിവിധ ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിലെത്തുന്ന പൊതുജനങ്ങൾക്ക് അപേക്ഷകൾ തയ്യാറാക്കുന്നതിനും മറ്റു നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനും ഓഫീസിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാകുന്നു എന്നുറപ്പുവരുത്തുന്നതിനുമായി ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സജ്ജീകരിച്ചിട്ടുള്ള ഹെൽപ് ഡെസ്കിന്റെ പ്രവർത്തനം മാതൃകാപരവും സാധാരണക്കാർക്ക് ഏറെ പ്രയോജനപ്രദവുമാണ്. ഓരോ ദിവസവും മൂന്നുവീതം ജനപ്രതിനിധികളെ മുൻകൂട്ടി ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്. പ്രവൃത്തിസമയങ്ങളിൽ മുഴുവനായും ഈ ജനപ്രതിനിധികളുടെ സാന്നിദ്ധ്യം ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇത് പഞ്ചായത്ത് ജീവനക്കാരുടെ ജോലിഭാരം ഒരു പരിധിവരെ ലഘൂകരിക്കുന്നതിനും സഹായകമാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെ കുറിച്ചും വിവിധ സ്കീമുകളെകുറിച്ചും മറ്റും പൊതുജനങ്ങൾക്ക് അതത് സമയം വിവരങ്ങൾ ലഭ്യമാകുന്ന വിധത്തിൽ ഹെൽപ് ഡെസ്കിന്റെ പ്രവർത്തനം വിപുലപ്പെടുത്താവുന്നതാണ്.

# 1-26 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

പിണറായി ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മികച്ച രീതിയിൽ നടപ്പാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തികവർഷം ആകെ 66,147 തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. 522 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ ഉറപ്പാക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. ആസ്തികൾ സൃഷ്ടിക്കുന്ന കാര്യത്തിലും ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ ഇനം തിരിച്ച കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്ര.ന. | പ്രവൃത്തിയുടെ തരം | എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | കിണർ നിർമ്മാണം | 7 | 1,91,031 |
| 2 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ | 8 | 9,06,817 |
| 3 | മണ്ണ് ജല സംരക്ഷണപ്രവർത്തനം | 75 | 1,80,66,758 |
| 4 | കമ്പോസ്റ്റ് നിർമ്മാണം | 2 | 1,771 |
| 5 | ലൈഫ് ഭവനപദ്ധതി | 12 | 2,91,355 |
| 6 | വ്യക്തിഗത കക്കൂസ് നിർമ്മാണം | 2 | 2,720 |
| 7 | റോഡ് കല്ലുപാകൽ | 2 | 3,63,548 |

## 1-27 അംഗൻവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

പ്രോജക്റ്റ് നം.190/2018-19-കോഴൂർ എ.കെ.ജി. അംഗൻവാടി വൈദ്യുതീകരണം, പ്രോജക്റ്റ് നം.189/2018-19 -അണ്ടലൂർ കടവ് അംഗൻവാടി വൈദ്യുതീകരണം എന്നിവ 2018-19 വർഷത്തിൽ പൂർത്തിയായിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. കോഴൂർ എ.കെ.ജി. അംഗൻവാടി പുതിയ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. എന്നാൽ അണ്ടലൂർ കടവ് അംഗൻവാടിയുടെ ഉദ്ഘാടനം കഴിഞ്ഞിട്ടില്ല. കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# <u>ഭാഗം -4</u>

# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 8.7.2019 മുതൽ 11.7.2019 വരെ | നമ്പർ. കെ.എസ്.എ./കെ.എൻ.ആർ./ സി.7/1250/2019 തീയതി :14.8.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രോജക്ട് നമ്പർ പേര് | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 170000 | 104/19 നെൽകൃഷി വികസനം | 170000 | ഇല്ല |
| തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 85000 | 110/19 പച്ചക്കറി വികസനം | 85000 | ഇല്ല |
| തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 923689 | 54/19 ലൈഫ് ഭവന പദ്ധതി | 923689 | ഇല്ല |
| തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 375000 | 108/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 375000 | ഇല്ല |
| തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 60000 | 133/19 സമഗ്ര കാൻസർ നിയന്ത്രണ പരിപാടി | 60000 | ഇല്ല |

| | | | | |
|---|---|---|---|---|
| തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 100000 | 11/19 ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 100000 | ഇല്ല |
| | | | | |
| തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 100000 | 50/19 സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി | 100000 | ഇല്ല |
| തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 15000 | ആശ്രയ | - | 15000 |
| തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് | 20000 | ചിക്കൻ സ്റ്റാൾ | - | 20000 |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 290280 | 54/19 ലൈഫ് ഭവന പദ്ധതി | 290280 | ഇല്ല |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 50000 | 133/19 സമഗ്ര കാൻസർ നിയന്ത്രണ പരിപാടി | 50000 | ഇല്ല |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 100000 | 11/19 ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 100000 | ഇല്ല |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 375000 | 108/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 336000 | 39000 |

| | | | | |
|---|---|---|---|---|
| | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ തീയ്യതി | തുക ₹ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ എസ് ഇ ബി | സ്വിമ്മിംഗ് പൂൾ ലൈൻ വലിക്കൽ | 21800683/ 1-11-18 | 45271 | ഇല്ല | 45271 |
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റൽ | 21801084/ 15-2-19 | 144428 | ഇല്ല | 144428 |
| കെ എസ് ഇ ബി | ഗ്യാസ് ക്രിമറ്റോറിയം ലൈൻവലിക്കൽ | 21801168/ 15-2-19 | 24107 | ഇല്ല | 24107 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

# 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| | |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോ-ഓപ്പ് ലിമിറ്റഡ് (ഷെയർ) | 20000 |
| ആകെ | 20000 |

# 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 22,872/- രൂപയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്,ഉദ്യോഗപ്പേര് | രശീത് നം, തീയതി |
|---|---|---|---|---|
| 2015-16 | 3-3 | 1473 | കൃഷി ഓഫീസർ | 118080100581/ 30-4-18 |
| 2016-17 | 3-16 | 3094 | കൃഷി ഓഫീസർ | 11808900645/ 3-5-18 |
| 2002-03 | 3-8(എ.ബി) | 7303 | എൻ, ബി അജയഘോഷ്,എക്സിക്യൂട്ടീവ് എഞ്ചിനീയർ ,കേരള വാട്ടർ അതോറിറ്റി | 118080102556/ 27-7-18 |
| 2017-18 | 2-5 | 2577 | മധു കെ സി | 118080108152/ 14-2-19 |
| 2017-18 | 2-5 | 2577 | മധു കെ സി | 118080108155/ 14-2-19 |
| 2017-18 | 2-5 | 2034 | സരോജിനി എം | 118080108154/ |

| | | | | |
|---|---|---|---|---|
| | | | | 14-2-19 |
| 2017-18 | 2-5 | 1762 | പ്രദീപ് കുമാർ കെകെ | 118080108157/<br>14-2-19 |
| 2017-18 | 2-5 | 690 | പ്രസിഡന്റ് കോ-ഓപറേറ്റീവ് കാന്റീൻ,പിണറായി | 118080110204/<br>26-3-19 |
| 2017-18 | 2-5 | 1362 | പ്രസിഡന്റ് പിണറായി കാർപെൻട്രി &ബ്ലാക്ക് സ്മിത്ത് | 118080110302/<br>31-3-19 |
| | ആകെ | 22872/- രൂപ | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-5 | 2014-15 | 27/26.06.2014 | 2011-12, 2012-13<br>പ്രൊജക്ട് -23/11-12 കേരളോൽസവം ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയത് വ്യാജ വൗച്ചർ നിർമ്മിച്ച് സമർപ്പിച്ചത്. | നിലനിൽക്കുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം:

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 80409014 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 65220586 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | ഇല്ല |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെവിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസം

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ<br>കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/<br>സി.7/788/2019തീ. 18-7-19 | 1 |
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ/<br>സി.7/788/2019തീ. 18-7-19 | 4 |
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ/ | 5 |

| | | |
|---|---|---|
| | സി.7/788/2019തീ. 18-7-19 | |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/788/2019തീ. 18-7-19 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/788/2019തീ. 18-7-19 | 2 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/788/2019തീ. 18-7-19 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/788/2019തീ. 18-7-19 | 1 |
| 2009-10,2010-11 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/788/2019തീ. 18-7-19 | 2 |
| 2011-12,2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/788/2019തീ. 18-7-19 | 2 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/788/2019തീ. 18-7-19 | 2 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/788/2019തീ. 18-7-19 | 5 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി.7/788/2019തീ. 18-7-19 | 9 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.7/1727 /2018 തീ. 29.11.2018 | 19 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.7/1474/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 11.10.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, പിണറായി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 RECEIPTS AND PAYMENTS STATEMENT

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| Opening Balance | | | |
| | Bank | RP-40(a) | 3,107,553.95 |
| | Cash | RP-40(a) | 107,761.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,383,160.00 |
| 140000000 | Fees & User Charges | RP-4 | 667,895.00 |
| 150000000 | Sale & Hire Charges | RP-5 | 93,647.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47,061,221.00 |
| 171000000 | Interest Earned | RP-9 | 273,498.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8,623,658.00 |
| 350000000 | Other Liabilities | RP-36 | 211,870.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 75,646.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 50,000.00 |
| 311000000 | Earmarked Funds | RP-29 | 18,276.00 |
| 340000000 | Deposits Received | RP-34 | 60,600.00 |
| 350000000 | Other Liabilities | RP-36 | 254,105.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 21,537,672.00 |
| 460000000 | Loans, Advances and Deposits | RP-47 | 97,766.00 |
| | | Grand Total | 83,624,328.95 |
| Payments | | | |
| | | | |

| | | | |
|---|---|---|---|
| Operating | Establishment Expenses | RP-11 | 2,795,871.00 |
| 210000000 | | | |
| 220000000 | Administrative Expenses | RP-12 | 1,063,096.00 |
| 230000000 | Operations & Maintenance | RP-13 | 1,564,832.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 5,135,509.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 19,017,902.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 1,098,860.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 442,659.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not i | RP-19 | 405,720.00 |
| 255000000 | Maintenance Projects | RP-20 | 9,312,199.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 2,530,000.00 |
| 280000000 | Prior Period Item | RP-26 | 162,601.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1,093,574.00 |
| 350000000 | Other Liabilities | RP-36 | 4,620,476.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 3,576.00 |
| 280000000 | Prior Period Item | RP-26 | -2,700.00 |
| 311000000 | Earmarked Funds | RP-29 | 14,000.00 |
| 340000000 | Deposits Received | RP-34 | 8,819.00 |
| 350000000 | Other Liabilities | RP-36 | 2,728,901.00 |
| 410000000 | Fixed Assets | RP-38 | 3,292,613.00 |
| 412000000 | Capital Work In Progress | RP-40 | 8,676,506.00 |
| 460000000 | Loans, Advances and Deposits | RP-47 | 1,255,572.00 |
| | Closing Balance | | |
| | Bank | RP-40(b) | 18,393,164.95 |
| | Cash | RP-40(b) | 10,578.00 |
| | | Grand Total | 83,624,328.95 |

# അനുബന്ധം-2-2 Income and Expenditure Statement

| | | | |
|---|---|---|---|
| | Pinarayi Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5140763.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 65442.00 |
| 140000000 | Fee & User Charges | I-4(b) | 1226695.00 |
| 150000000 | Sale & Hire Charges | I-5(b) | 93647.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 140207732.00 |
| 171000000 | Interest Earned | I-8 | 273498.00 |
| 180000000 | Other Income | I-9 | 327550.00 |
| | Total Income | | 147335327.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9857511.00 |
| 220000000 | Administrative Expenses | I-11(b) | 1063096.00 |
| 230000000 | Operations & Maintenance | I-12(b) | 1571464.00 |
| 240000000 | Interest & Finance Charges | I-13 | 3576.00 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | I-14 | 7374047.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 40657061.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1098860.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14(c) | 442659.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br>Schemes (not included under Decentralized Plan Programme) | I-14(d) | 64638920.00 |
| 255000000 | Maintenance Projects | I-14(e) | 9830037.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br>Subsidies | I-15 | 2530000.00 |
| 272000000 | Depreciation | I-17(a) | 1539650.00 |
| | Total Expenditure | | 140606881.00 |
| | Gross Surplus/ Deficit of income over Expenditure | | 6728446.00 |
| 280000000 | Prior Period Item | I-18 | 107618.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 6620828.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3 Balance Sheet

| | | | |
|---|---|---|---|
| | As on 31.03.2019 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 23905407.75 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br>Agency Fund | B-2 | 56121.00 |
| 312000000 | Reserves | B-3 | 51703559.00 |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 75665087.75 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3052330.00 |
| | Total Grants, Contributions for Specific Purposes | | 3052330.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 207233.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1177508.20 |
| | Total Current Liabilities and Provisions | | 1384741.20 |
| | TOTAL LIABILITIES | | 80102158.95 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 69274896.00 |
| 411000000 | Accumulated Depreciation | B-11 | -9929241.00 |
| 412000000 | Capital Work in Progress | B-11(a) | 429483.00 |
| | Total Fixed Assets | | 59775138.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 43163.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 18403742.95 |
| 460000000 | Loans, Advances and Deposits | B-18 | 1860115.00 |
| | Total Current Assets, Loans and Advances | | 20307020.95 |
| | Other Assets | | |
| | | | |

| | | | |
|---|---|---|---|
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 80102158.95 |
| 460000000 | Loans, Advances and Deposits | B-18 | 1860115.00 |
| | Total Current Assets, Loans and Advances | | 20307020.95 |
| | Other Assets | | |
| | TOTAL ASSETS | | 80102158.95 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.